# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2890 **07.12.2018** -ൽ മറുപടിയ്ക്ക്

**ചാലക്കുടി പുഴയിലെ പ്രളയ സാധ്യത**

ചോദ്യം

ശ്രീ.എ.പി.അനിൽ കുമാർ
ശ്രീ. കെ.സി.ജോസഫ്
ശ്രീ. റോജി.എം.ജോൺ
ശ്രീ.അൻവർ സാദത്ത്

മറുപടി

കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പമന്ത്രി

| | | | |
|---|---|---|---|
| എ) | ചാലക്കുടി പുഴയിലെ പ്രളയ സാധ്യത സംബന്ധിച്ച് മുംബൈയിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധർ സർക്കാരിന് മുന്നറിയിപ്പ് നൽകിയിരുന്നോ; 2018 ജൂലൈ 20 തീയതി സർക്കാരിന് സമർപ്പിച്ച പ്രസ്തുത മുന്നറിയിപ്പിന്റെ ഉള്ളടക്കമെന്തായിരുന്നു; വെളിപ്പെടുത്താമോ; | എ) & ബി) | ചാലക്കുടി പുഴയിലെ പ്രളയ സാധ്യത സംബന്ധിച്ച് മുംബൈയിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധരിൽ നിന്നുള്ള മുന്നറിയിപ്പ് ജലവിഭവ വകുപ്പിന് ലഭിച്ചിട്ടില്ല. |
| ബി) | ചാലക്കുടി പുഴയുമായി ബന്ധപ്പെട്ട ഷോളയാർ അടക്കം അഞ്ചോളം ഡാമുകൾ നിറഞ്ഞെന്നും പെരിങ്ങൽകുത്ത് അപകടകരമാം രീതിയിൽ നിറഞ്ഞു കവിഞ്ഞെന്നുമുള്ള മുന്നറിയിപ്പ് അവഗണിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ; | | |
| സി) | ചാലക്കുടി സംരക്ഷണ സമിതിയും ബോംബെയിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധർ അടക്കം നിരവധി സംഘടനകൾ നൽകിയ മുന്നറിയിപ്പുകൾ അവഗണിച്ചത് പ്രളയത്തിന്റെ ആക്കം കൂട്ടി എന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | സി) | ചാലക്കുടി പുഴ ജലസംരക്ഷണ സമിതിയിൽ നിന്നുള്ള മുന്നറിയിപ്പ് ലഭിക്കുന്നതിനുമുമ്പ് തന്നെ ചാലക്കുടിപ്പുഴയിലെ പ്രളയസാധ്യത മുന്നിൽ കണ്ട് ജലവിഭവ വകുപ്പിന് സാധ്യമായ എല്ലാമുൻകരുതലുകളും സ്വീകരിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ